കള്ളുഷാപ്പുകളിലെ ചാരായ വില്പന

33 (988)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ഇ.എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകളിൽ ചാരായം വിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള കള്ളുഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കുകയും അബ്കാരി ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വ്യാജ കള്ളു വിൽപ്പന

34 (989)ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള്ഷാപ്പുകളിൽ വിൽക്കുന്ന കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ കള്ളുഷാപ്പുകളിൽ കള്ളിനു പകരം രാസവസ്തുക്കളും, സ്പിരിറ്റും ചേർന്ന പാനീയം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന് എതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാൻ നടപടി എടുക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിൽ പിന്നെ സംസ്ഥാനത്ത് വ്യാജകള്ള് ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള കെമിക്കൽ എക്സാമിനേഴ്സ് ലാബറട്ടറിളിൽ വേണ്ട സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ചില ഷാപ്പുകളിൽ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അങ്ങനെയുള്ള കള്ള് ഷാപ്പുകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും, കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) 2000 ഫെബ്രുവരി വരെ 204 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly